**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1930** **20-01-2021 - ൽ മറുപടിയ്ക്ക്**

**നോർക്ക ബിസിനസ് ഫെലിസിറ്റേഷൻ സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ. സി . ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചോ; | (എ) | പ്രവർത്തനമാരംഭിച്ചു. |
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | 1. സംസ്ഥാനത്തെ നിക്ഷേപ സാദ്ധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽകൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുക. 2. നിക്ഷേപ സാദ്ധ്യതയുള്ള മേഖലകൾ കണ്ടെത്തി, നിക്ഷേപകരുടെ താൽപ്പര്യാർത്ഥം അനുയോജ്യമായ മേഖലകളിൽ നിക്ഷേപം നടത്താൻ വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക. 3. സംരംഭകർക്കാവശ്യമായ സർക്കാർ ക്ലിയറൻസുകളെ സംബന്ധിച്ച ഉപദേശങ്ങൾ നൽകുക. 4. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനം ലക്ഷ്യം വച്ച് കൊണ്ട് പ്രവാസി നിക്ഷേപം ആകർഷിക്കുന്നതിലേയ്ക്കായി പ്രവാസി നിക്ഷേപ സമ്മേളനങ്ങൾ സംഘടിപ്പിക്കുക. 5. സംരംഭകർക്കായി ട്രെയിനിംഗ് പ്രോഗ്രാം, വർക്ക് ഷോപ്പ് എന്നിവ സംഘടിപ്പിക്കുക. 6. ജി2ബി & ബി2ബി മീറ്റുകൾ സംഘടിപ്പിക്കുക. |
| (സി) | പ്രവാസി ഡിവിഡന്റ് പദ്ധതിയും പ്രവാസി ചിട്ടി പദ്ധതിയും ഏതു ഘട്ടത്തിലാണെന്നും ഓരോ പദ്ധതിയിലും എത്രപേർ വീതം അംഗത്വം സ്വീകരിച്ചുവെന്നറിയുമോ; വെളിപ്പെടുത്തുമോ? | (സി) | 2019 ഡിസംബർ 14-ന് ഉദ്ഘാടനം നിർവഹിച്ച പ്രവാസി ഡിവിഡന്റ് പദ്ധതിയിൽ ഇതിനോടകം വിവിധ ഭൂഖണ്ഡങ്ങളിലെ വിവിധ രാജ്യങ്ങളിൽ നിന്നുള്ള പ്രവാസികളിൽ നിന്നും 1861 നിക്ഷേപങ്ങളിലൂടെ 181.14 കോടി രൂപ നിക്ഷേപമായി സ്വീകരിച്ച് കിഫ്ബിയിലേയ്ക്ക് നൽകിയിട്ടുണ്ട്. പ്രവാസി ചിട്ടിയിൽ ഇതുവരെയായി 986 ചിട്ടികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത ചിട്ടികളിൽ എല്ലാം കൂടി 31,340 പേർ അംഗത്വവും സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ